പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2087

08.12.2014-ൽ മറുപടിക്ക്.

## ജനമൈത്രി സുരക്ഷ പദ്ധതി സംബന്ധിച്ച് സെമിനാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.പി.സി. വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷ പദ്ധതിയുടെ ഭാഗമായി നിയമ വിരുദ്ധമായി; അമിത പലിശയ്ക്ക് പണം നൽകുന്നവരെ നേരിടുന്നതിനെ സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | : (എ) ഉണ്ട്. 29.05.2014-ൽ തിരുവനന്തപുരം കനകക്കുന്ന് പാലസ് ഹാളിൽ വച്ച് കേരളത്തിലെ മുഴുവൻ ജനമൈത്രി പോലീസ് സ്റ്റേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർക്കായി ബ്ലേഡ് മാഫിയാ പ്രവർത്തനങ്ങൾക്കെതിരെ ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് എറണാകുളത്തു വച്ച് എറണാകുളം സിറ്റി ജില്ലാ പോലീസിന്റെ നേതൃത്വത്തിൽ 2014 ജൂൺ 6-ാം തീയതിയിൽ മറ്റൊരു സെമിനാർ കൂടി സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത് എന്തെല്ലാം വിഷയങ്ങളാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | : (ബി) വായ്പ, സാമ്പത്തിക തട്ടിപ്പുകാർ, അനധികൃത ചിട്ടി ഫണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിയമസാധുതകൾ, ബ്ലേഡ് മാഫിയ അമർച്ച ചെയ്യുന്നതിൽ ജനമൈത്രി പോലീസിന്റെ പങ്ക്, പണമിടപാടു സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വരുത്തിയിരിക്കുന്ന വ്യവസ്ഥകൾ, ഗവൺമെന്റ്/ഗവൺമെന്റ് അംഗീകൃത പണമിടപാടു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിവിധ വായ്പാ സൗകര്യങ്ങൾ, ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ, പരിണിതഫലങ്ങൾ, അവയ്ക്കെതിരെ പൊതുസമൂഹം സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളെപ്പറ്റിയാണ് സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടത്. |

(സി) സെമിനാറിൽ പങ്കെടുത്തിട്ടുള്ളത് ഏതെല്ലാം വിഭാഗങ്ങളിൽ നിന്നുള്ളവരാണ്; വ്യക്തമാക്കാമോ;

: (സി) ബീറ്റ് ഓഫീസർമാർ (6), കമ്മ്യൂണിറ്റി റിലേഷൻസ് ഓഫീസർമാർ (220), ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ മാർ (10) ജനമൈത്രി ജില്ലാ നോഡൽ ഓഫീസർമാർ/ജില്ലാ പോലീസ് മേധാവികൾ (25) മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ (14) എന്നിങ്ങനെ ആകെ 275 പോലീസ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, മാധ്യമപ്രതിനിധികൾ എന്നിവരാണ് സെമിനാറിൽ പങ്കെടുത്തത്. കൂടാതെ സാമ്പത്തിക/ബാങ്കിംഗ് മേഖലയിലെ വിഷയങ്ങളെക്കുറിച്ച് അവഗാഹം നേടിയ അഡ്വ.ജി.മോഹൻരാജ്, രജിസ്ട്രേഷൻ ഐ.ജി ശ്രീ. കൗശികൻ ഐ.എ.എസ്, ശ്രീ. എൻ. ജയകൃഷ്ണൻ (എസ്.ബി.റ്റി), ശ്രീ.പി.എം. രാജഗോപാൽ (ആർ.ബി.ഐ), ശ്രീമതി. ടാനി തോമസ് (കുടുംബശ്രീ മിഷൻ) തുടങ്ങിയവരും, പോലീസ് പ്രവർത്തനങ്ങൾ/സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നീ വിഷയങ്ങളിൽ ശ്രീ.എ. ഹേമചന്ദ്രൻ ഐ.പി.എസ് (എ.ഡി.ജി.പി, ഇന്റലിജൻസ്), ശ്രീ. റെജി ജേക്കബ് (എ.സി.പി, ഡി.സി.ആർ.ബി) തുടങ്ങിയ നിരവധി പേർ സെമിനാറിൽ ക്ലാസുകൾ കൈകാര്യം ചെയ്തു. കൂടാതെ മേൽ വിഷയങ്ങളെ സംബന്ധിച്ച് ഒരു ഓപ്പൺ ഹൗസും നടത്തുകയുണ്ടായി. എറണാകുളത്തു വച്ചു നടന്ന സെമിനാറിലും മേൽപ്പറഞ്ഞ വിധത്തിൽ ഏതാണ്ട് 175 പേർ പങ്കെടുത്തു.

(ഡി) സെമിനാറിൽ ചർച്ചചെയ്ത വിഷയങ്ങളുടെ കാര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

: (ഡി) സെമിനാറിൽ പങ്കെടുത്ത മുഴുവൻ പോലീസ് ഉദ്യോഗസ്ഥരും അവരവരുടെ അധികാര പരിധിയിൽ ബ്ലേഡ് മാഫിയയ്ക്കെതിരെ സത്വരവും തീവ്രവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടപടികളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ